കുറവിലങ്ങാട് താലൂക്ക് ആശുപത്രി

108 (797) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഇ 2/35365/H&FW1/13, E2/55176/H&FW/2013 എന്നീ നമ്പരുകളിലെ ഫയലുകൾ ഇപ്പോൾ ആരുടെ കൈവശമാണ് ; പ്രസ്തുത ഫയലുകൾ വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആശുപത്രിക്ക് ടോക്കൺ പ്രൊവിഷൻ നൽകിയിരുന്നുവെങ്കിലും ടി ഫയൽ ഇതുവരെയും ധനകാര്യ വകുപ്പിൽ എത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 35365/ഇ 2/13 ആകവ. എന്ന ഫയൽ ധനവകുപ്പിലയച്ചപ്പോൾ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരായാൻ അഭിപ്രായപ്പെട്ടതിനെ തുടർന്ന് 13-14 ബഡ്ജറ്റിൽ 4210-01-110-83 എന്ന ശീർഷകത്തിൽ പ്രസ്തുത വർക്കിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാനാവില്ല എന്ന അഭിപ്രായത്തോടെ ടി വകുപ്പ് (നമ്പർ 14933/എ 1/13/പ്ലാനിംഗ്) ഫയൽ മടക്കി, വീണ്ടും 55176/ഇ 2/13/ആകവ. പ്രകാരം ധനവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ കുറവിലങ്ങാട് താലൂക്ക് ആശുപത്രി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറ്റം ചെയ്ത സ്ഥാപനമാണോ എന്ന് ആരാഞ്ഞിരുന്നു. ആയതിന് മറുപടി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും ലഭ്യമായിട്ടില്ല. ടി ഫയലുകൾ ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പിലാണ്. ഇത് സംബന്ധിച്ച് മറുപടി ലഭ്യമായാൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) അധിക തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച ഫയൽ നമ്പർ 13344/എം1/13/ആകവ. സർക്കാർ പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly